# രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലുടെ ആഫീസ്

## പൊതുകുറിമാനം

**ആർ. ആർ. 4-25995/95** **തീയതി, തിരുവനന്തപുരം, 1995 സെപ്തംബർ, 12.**

വിഷയം:— മുദ്രവില ഈടാക്കാത്ത സെയിൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ഫയൽ ചെയ്യുന്നത് — സംബന്ധിച്ച്.

സൂചന:— കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഡെപ്യൂട്ടി കളക്ടറുടെ (ആർ. ആർ.) 11-8-1995 -ലെ 79/95/ആർ. ആർ./കെ. എഫ്. സി. നമ്പർ കത്ത്.

സംസ്ഥാന സർക്കാരിനും സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾക്കും ബോർഡുകൾക്കും മറ്റും പിരിഞ്ഞു കിട്ടാനുള്ള തുക റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം ബന്ധപ്പെട്ടയാളിന്റേയോ ജാമ്യക്കാരന്റേയോ വസ്തു വകകൾ ലേലം ചെയ്ത് ഈടാക്കി വരുന്നു. ഇപ്രകാരം ലേലം പിടിച്ചയാൾക്ക് സിവിൽ/റവന്യൂ ഉദ്യോഗസ്ഥന്മാർ സെയിൽ സർട്ടിഫിക്കറ്റ് ഒപ്പിട്ടു നൽകുന്നു. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ പകർപ്പ് രജിസ്ട്രേഷൻ നിയമം 89 (4) -ാം വകുപ്പനുസരിച്ച് ബന്ധപ്പെട്ട സബ് രജിസ്ട്രാറാഫീസിലെ 1-ാം പുസ്തകത്തിൽ ഫയൽ ചെയ്യുന്നതിന് ഉദ്യോഗസ്ഥന്മാർ അയച്ചു കൊടുക്കുകയും സബ് രജിസ്ട്രാർമാർ ഫയൽ ചെയ്യുകയും ചെയ്തു വരുന്നു.

എന്നാൽ രജിസ്ട്രേഷൻ നിയമം 89 (4) -ാം വകുപ്പനുസരിച്ച് ഫയൽ ചെയ്യുന്നതിന് സബ് രജിസ്ട്രാർമാർക്ക് അയച്ചു കൊടുക്കുന്ന സെയിൽ സർട്ടിഫിക്കറ്റിന്റെ പകർപ്പുകളിൽ ഒറിജിനലിന് ചുമത്തിയിട്ടുള്ള മുദ്രവിലയുടെ വിവരം രേഖപ്പെടുത്താത്തതിനാൽ മടക്കി അയച്ചു കൊടുത്തതായി ഈയിടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഫിനാൻഷ്യൽ കോർപ്പറേഷൻ ഡെപ്യൂട്ടി കളക്ടറുടെ സൂചന കത്തിൽ നിന്നും സെയിൽ സർട്ടിഫിക്കറ്റുകൾക്ക് മുദ്രവില ഈടാക്കാറില്ലെന്നും മനസ്സിലാകുന്നു.

ഏതൊരു കാരണമായാലും അത് എഴുതി ഒപ്പിടുന്ന സമയം കേരള മുദ്രപ്പത്ര നിയമത്തിലെ ഷെഡ്യൂൾ അനുസരിച്ച് നിലവിലുള്ള മുദ്രവില ചുമത്തേണ്ടതാണെന്ന് ടി നിയമത്തിന്റെ 17 -ാം വകുപ്പ് അനുശാസിക്കുന്നു. ഇപ്രകാരം മുദ്രവില ചുമത്തുന്നതിന് ടി കരണം നിർബന്ധമായി രജിസ്ട്രാർ ആക്കേണ്ടതാണോ അല്ലയോ എന്നതിന് പ്രസക്തിയില്ലെന്ന കാര്യം എല്ലാ സബ് രജിസ്ട്രാർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

അതിനാൽ രജിസ്ട്രേഷൻ നിയമം 89 (4)-ാം വകുപ്പനുസരിച്ച് ഫയൽ ചെയ്യുന്നതിനായി സിവിൽ/റവന്യൂ ഉദ്യോഗസ്ഥന്മാർ അയച്ചു തരുന്ന സെയിൽ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ, ഒറിജിനലിന് കേരള മുദ്രപ്പത്ര നിയമത്തിലെ ഷെഡ്യൂൾ 16 അനുസരിച്ച് ശരിയായ മുദ്രവില ചുമത്തിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുണ്ടോ എന്ന് സബ് രജിസ്ട്രാർ പരിശോധിക്കേണ്ടതാണ്. **ശരിയായ മുദ്രവിലയുടെ വിവരം രേഖപ്പെടുത്താത്തതോ, ശരിയായ മുദ്രവില ഈടാക്കാത്തതോ ആയ സെയിൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് യാതൊരു കാരണവശാലും 1-ാം പുസ്തകത്തിൽ ഫയൽ ചെയ്യാൻ പാടില്ലാത്തതും കാരണം രേഖപ്പെടുത്തി മടക്കി അയക്കേണ്ടതുമാകുന്നു. എന്നാൽ മുദ്രവില തിട്ടപ്പെടുത്തുമ്പോൾ സർക്കാർ സെയിൽ സർട്ടിഫിക്കറ്റിന് സർചാർജ് ഡ്യൂട്ടി ഒഴിവാക്കിയിട്ടുണ്ടോ എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മുദ്രവിലയെ സംബന്ധിച്ച വിവരങ്ങളില്ലാത്ത പകർപ്പ് ഫയൽ ചെയ്തതായി മേലിൽ പരിശോധനാ ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്നതായാൽ പ്രസ്തുത പകർപ്പിന്റെ ഒറിജിനലിന് കുറവുള്ളതോ/ഈടാക്കേണ്ടതോ ആയ മുദ്രവില ബന്ധപ്പെട്ട സബ് രജിസ്ട്രാരുടെ ബാദ്ധ്യതാ പത്രത്തിൽ ചേർക്കുന്നതാണെന്ന വിവരം കൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

ഒപ്പ്

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ